കോശം ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, കുമാരനാശാൻ സ്മാരകം, ഗുരുഗോപിനാഥ് നടനഗ്രാമം, ജവഹർ ബാലഭവൻ (തിരുവനന്തപുരം ആന്റ് തൃശ്ശൂർ), കുഞ്ചൻ നമ്പ്യാർ സ്മാരകം (അമ്പലപ്പുഴ, കിള്ളിക്കുറിശ്ശിമംഗലം), ഗോവിന്ദ പൈ സ്മാരകം, സരസകവി മൂലൂർ സ്മാരകം, സഹോദരനയ്യപ്പൻ സ്മാരകം, അപ്പൻ തമ്പുരാൻ സ്മാരകം, എ. ആർ. രാജരാജവർമ്മ സ്മാരകം, മോയിൻകുട്ടി വൈദ്യർ സ്മാരകം, കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി, കേരള സ്റ്റേറ്റ് ചലച്ചിത്ര വികസന കോർപ്പറേഷൻ, സി-ഡിറ്റ് തുടങ്ങിയ സ്ഥാപനങ്ങളാണ് സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നത്.

(ബി) 1955-ലെ തിരു-കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സ്ഥാപനങ്ങൾക്ക് ഓരോന്നിനും പ്രത്യേകമായ ബൈലായും റൂളും ഉണ്ട്. കേരള ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ ഒരു പൊതുമേഖലാ സ്ഥാപനമാണ്.

(സി) സർക്കാർ സംഘടിപ്പിക്കുന്ന കമ്മിറ്റികളാണ് ഈ സ്ഥാപനങ്ങളുടെ ഭരണം നടത്തുന്നത്.

(ഡി) അനുബന്ധമായി ചേർക്കുന്നു. †

(ഇ ആന്റ് എഫ്) ഉണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ജി) ട്രസ്റ്റുകളും സംഘങ്ങളും സൊസൈറ്റികളുമായി 61 സ്ഥാപനങ്ങൾക്ക് വാർഷിക ധനസഹായം നൽകിവരുന്നു. കൂടാതെ അപേക്ഷ ലഭിക്കുന്നതനുസരിച്ച് ബഡ്ജറ്റുവിഹിതത്തിനനുസരണമായി നിരവധി സ്ഥാപനങ്ങൾക്ക് അനാവർത്തന ധനസഹായവും നൽകുന്നുണ്ട്.

(എച്ച്) സാംസ്കാരിക പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നു എന്ന് പ്രത്യക്ഷത്തിൽ ബോദ്ധ്യമുള്ളവയും മതേതരത്വം, ദേശീയത എന്നീ തത്വങ്ങൾക്ക് വിരുദ്ധമായി പ്രത്യക്ഷമായോ പരോക്ഷമായോ പ്രവർത്തിക്കാത്തതും നാടൻകലകൾ, ക്ലാസ്സിക് കലകൾ, പ്രാചീനകലകൾ, സംഗീതം, ശില്പം, നൃത്തനൃത്യനാട്യങ്ങൾ എന്നിവകളെ പ്രോത്സാഹിപ്പിക്കുന്നവയും മൺമറഞ്ഞ കലാസാംസ്കാരിക സാഹിത്യ നായകന്മാരുടെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി പ്രവർത്തിക്കുന്നവയുമായ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനരീതികളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ധനസഹായം ചെയ്യുന്നത്.

സംസ്ഥാനത്ത് സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രസിദ്ധീകരണ സ്ഥാപനങ്ങൾ

54 [2023] ശ്രീ. പിരപ്പൻകോട് മുരളി:
,, സാജു പോൾ:
,, രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രസിദ്ധീകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥാപനങ്ങൾ ഓരോന്നും ലക്ഷ്യമിട്ടിരുന്ന പ്രവർത്തന ലക്ഷ്യവും കാലാവധിയും പ്രവർത്തന പുരോഗതിയും വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനങ്ങൾ ലക്ഷ്യമിട്ട പ്രസിദ്ധീകരണങ്ങൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുവാൻ സമയബന്ധിതമായി പ്രസിദ്ധീകരണങ്ങൾ പൂർത്തിയാക്കി പുറത്തിറക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് എന്നീ സ്ഥാപനങ്ങളാണ്.

(ബി) 20 വർഷംകൊണ്ട് സർവ്വവിജ്ഞാന കോശം 20 വാല്യങ്ങളും 10 വർഷം കൊണ്ട് വിശ്വസാഹിത്യ വിജ്ഞാനകോശം 10 വാല്യങ്ങളും പുറത്തിറക്കണമെന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത്. സർവ്വവിജ്ഞാനകോശം 12 വാല്യങ്ങളും വിശ്വസാഹിത്യ വിജ്ഞാനകോശം 4 വാല്യങ്ങളും പ്രസിദ്ധീകരിച്ചുകഴിഞ്ഞു. സർവ്വവിജ്ഞാനകോശം 13-ാം വാല്യത്തിന്റെ 75% പണി പൂർത്തിയായിട്ടുണ്ട്.

കേരളത്തിലെ 4 മതൽ 16 വയസ്സുവരെയുള്ള കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യമാക്കി അവർക്കുവേണ്ടിയുള്ള വിജ്ഞാനകോശം, സ്കൂൾ വിഷയങ്ങൾക്ക് അനുബന്ധമായുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക മുതലായവയാണ് കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം. ഈ സ്ഥാപനം ഇതുവരെ 420 അനുബന്ധ പുസ്തകങ്ങളും, വിജ്ഞാനകോശ പരമ്പരയിൽ 5 ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. എല്ലാവർഷവും സംസ്ഥാനതലത്തിൽ 'തളിര്' സ്കോളർഷിപ്പ് പരീക്ഷ നടത്തി വിദ്യാഭ്യാസജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആകെ 216 സ്കോളർഷിപ്പ് നൽകി വരുന്നു.

മലയാള ഭാഷ അധ്യയന, ഭരണ രംഗങ്ങളിലെ മാധ്യമമാക്കുക എന്നുള്ളതാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിന് പ്രത്യേക കാലപരിധി നിർണ്ണയിക്കപ്പെട്ടിട്ടില്ല. ഇതിനകം 2087 പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

കേരളത്തിന്റെ സമഗ്രമായ ഒരു സാംസ്കാരിക ചരിത്രം പ്രസിദ്ധീകരിക്കുക, കേരളത്തിന്റെ നാടോടി കലകളേയും ക്ലാസ്സിക്കൽ കലാരൂപങ്ങളേയും കുറിച്ചുള്ള ലഘുകൃതികൾ പ്രസിദ്ധീകരിക്കുക, സമാദരണീയരും പ്രഗത്ഭരുമായ മൺമറഞ്ഞ സാഹിത്യകാരന്മാരുടെ കൃതികൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുക, സാംസ്കാരിക മൂല്യമുള്ള പുസ്തകങ്ങൾ പുനഃപ്രസിദ്ധീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കു വേണ്ടിയാണ് സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് രൂപീകരിച്ചത്. ഇതുവരെ 108 പുസ്തകങ്ങൾ അച്ചടിച്ചുപുറത്തിറക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സമയബന്ധിതമായി പ്രസിദ്ധീകരണങ്ങൾ പൂർത്തിയാക്കി പുറത്തിറക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ പുസ്തകങ്ങളുടെ വിപണനം

55 [2024] ശ്രീ. കെ. എ. ചന്ദ്രൻ:
,, ഡി. സുഗതൻ:
,, ലൂഡി ലൂയിസ്:
,, കെ. സി. ജോസഫ്:

ശ്രീമതി. രാധാരാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ പുസ്തകങ്ങൾ വിപണനം ചെയ്യുന്നത് എപ്രകാരമാണ്;

(ബി) ഈ പുസ്തകങ്ങൾ ബുക്ക് മാർക്കുവഴി വിതരണം നടത്തുന്നകാര്യത്തിൽ വകുപ്പ് അധികൃതർ വൈമുഖ്യം കാണിക്കുന്നുണ്ടോ; എങ്കിൽ ഇതിനെപ്പറ്റി അന്വേഷിക്കുമോ;

(സി) പ്രസിദ്ധീകരണ വകുപ്പിന്റെ പുസ്തകങ്ങൾക്ക് ധാരാളം ആവശ്യക്കാരുണ്ടോ; എങ്കിൽ അവ വിതരണത്തിനെത്തിക്കാത്തതിനെപ്പറ്റി അന്വേഷിക്കുമോ;

(ഡി) പ്രസ്തുത വകുപ്പ് പ്രസിദ്ധീകരിച്ച എത്ര പുസ്തകങ്ങളുടെ എത്ര കോപ്പികൾ ഗോഡൗണിൽ കെട്ടിക്കിടപ്പുണ്ട്;

(ഇ) ഇവ വില്പനയ്ക്ക് അയയ്ക്കാത്തവരുടെമേൽ നടപടി എടുക്കുവാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, കേന്ദ്രസർക്കാരിന്റെ പബ്ലിക്കേഷൻ ഡിവിഷൻ, കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണവകുപ്പ് നടത്തുന്ന പുസ്തക പ്രദർശന വില്പന, സ്വകാര്യ പുസ്തകപ്രദർശന വിൽപന ശാലകൾ എന്നിവയിലൂടെയാണ് വിതരണം ചെയ്യുന്നത്.

(ബി) ഇല്ല.

(സി) പുസ്തകങ്ങൾ വിതരണത്തിനെത്തിക്കാത്തതായി പരാതി ലഭിച്ചിട്ടില്ല.

(ഡി ആന്റ് ഇ) 108 പുസ്തകങ്ങളുടെ ഏകദേശം 300 വീതം പ്രതികൾ ഇപ്പോൾ സ്റ്റോക്കുണ്ട്. ആവശ്യത്തിനനുസരിച്ച് ഏജൻസികൾക്ക് എത്തിച്ചുകൊടുക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly